# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 3783** **23.08.2017-ൽ മറുപടിക്ക്**

## സംയോജിത ഊർജ്ജവികസന പദ്ധതി

| | ചോദ്യം<br>ശ്രീ. എ. പ്രദീപ്കുമാർ<br>ശ്രീ.കെ.ഡി. പ്രസേനൻ<br>ശ്രീമതി യു. പ്രതിഭ ഹരി<br>ശ്രീ. കെ. ആൻസലൻ: | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നഗരപ്രദേശങ്ങളിലെ വൈദ്യുതി വിതരണ സൗകര്യം മെച്ചപ്പെടുത്തുന്നതിന് സംയോജിത ഊർജ്ജവികസന പദ്ധതി (ഐ. പി. ഡി. എസ്) നടപ്പിലാക്കി വരുന്നുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ഏതെല്ലാം പ്രവൃത്തികളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | 66/11, 33/11 KV പുതിയ സബ് സ്റ്റേഷനുകളുടെ നിർമ്മാണം, ട്രാൻസ്ഫോർമറുകൾ പുതിയവ സ്ഥാപിക്കൽ, പഴയ ട്രാൻസ്ഫോർമറുകളുടെ ശേഷി വർദ്ധിപ്പിക്കൽ. എച്ച്.റ്റി – എൽ.റ്റി ലൈനുകൾ/കേബിളുകൾ സ്ഥാപിക്കൽ, പഴയ ലൈനുകൾ മാറ്റി മികവുറ്റ പുതിയ ലൈനുകൾ സ്ഥാപിക്കൽ, കെ. എസ്. ഇ. ബി കെട്ടിടങ്ങളുടെ മുകളിൽ സോളാർ പാനലുകൾ സ്ഥാപിക്കൽ, സർക്കാർ കെട്ടിടങ്ങളിൽ സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കൽ തുടങ്ങിയ പ്രവർത്തികൾ ഇതിൽ ഉൾപ്പെടുന്നു. |
| (സി) | ഈ പദ്ധതിയ്ക്കായി എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്നും അതിൽ കേന്ദ്ര-സംസ്ഥാന വിഹിതം എത്ര വീതമാണെന്നും വ്യക്തമാക്കാമോ? | (സി) | ഈ പദ്ധതിയ്ക്കായി 592.07 കോടി രൂപാ കേന്ദ്ര സർക്കാർ അനുവദിച്ചിട്ടുണ്ട്. അതിൽ 60% കേന്ദ്ര-ഗവൺമെന്റ് ഗ്രാന്റായി ലഭിക്കും. 30% ലോൺ വഴിയും, 10% സംസ്ഥാന സർക്കാർ വിഹിതമായും കണ്ടെത്തേണ്ടതായുണ്ട്. |

(ഒപ്പ്)

**സെക്ഷൻ ഓഫീസർ**